**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1546** **08-10-2021 - ൽ മറുപടിയ്ക്ക്**

**കാർഷിക മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ സംരംഭങ്ങൾക്ക് സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ സംസ്കരണത്തിനും വിപണനത്തിനുമായുള്ള ഏതൊക്കെ സംരംഭങ്ങൾക്കാണ് സർക്കാർ സഹായം നൽകുന്നത്; വിശദാംശങ്ങൾ നൽകാമോ; | (എ) | സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം മുഖേന കാർഷിക മേഖലയിലെ സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾക്കും, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ രൂപീകരിക്കൽ എന്നിവയ്ക്കും സർക്കാർ സഹായം നൽകുന്നു. കൂടാതെ മാർക്കറ്റിംഗ് മേഖലയിൽ ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനങ്ങൾ, സ്റ്റാർട്ടപ്പുകൾ, കർഷക കൂട്ടായ്മകൾ എന്നിവ ഏർപ്പെടുത്തുന്നതിനുള്ള നടപടികളും ആലോചനയിലാണ്. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ മൂല്യ വർദ്ധിത ഉത്പന്ന നിർമ്മാണ വ്യവസായങ്ങൾക്ക് താഴെപ്പറയുന്ന പദ്ധതികളാണ് കൃഷി വകുപ്പ് നടപ്പാക്കുന്നത്. ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിനായി ഈ വർഷം 400 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കാർഷികോൽപ്പന്നങ്ങളുടെ ഉല്പാദന വർദ്ധനവിനും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണ-വിപണനത്തിനുമായി സംസ്ഥാന കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ 50 എഫ്.പി.ഒ.കൾ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം വഴി പുതുതായി രൂപീകരിക്കുകയും നിലവിലുള്ള 50 കർഷക ഉത്പാദക സംഘടനകളെ ശാക്തീകരിക്കുകയും ചെയ്യുന്നു. ഇതിൽ 13 എഫ്.പി.ഒ കളുടെ രജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ട്. പുതിയ 37 എഫ്.പി.ഒ കളെയും, നിലവിലുള്ള 50 എഫ്.പി.ഒ കളെയും തിരഞ്ഞെടുക്കുവാനുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. കൂടാതെ വി.എഫ്.പി.സി.കെ മുഖേന 20 എഫ്.പി.ഒ കളുടെ രജിസ്ട്രേഷനും പൂർത്തിയായിട്ടുണ്ട്. നെല്ല്, തെങ്ങ്, പാൽ ഉൽപ്പന്നങ്ങൾ, പച്ചക്കറികൾ, പഴങ്ങൾ, കിഴങ്ങുവിളകൾ, പൈനാപ്പിൾ, ചക്ക, വാഴ, തേൻ, സുഗന്ധവിളകൾ, കൊക്കോ, കശുവണ്ടി, കൂവ, റബ്ബർ, |

| | | | |
|---|---|---|---|
| | | | വെറ്റില, മുളക്, ചെറുധാന്യങ്ങൾ എന്നീ വിളകൾ അടിസ്ഥാനമാക്കിയാണ് എഫ്.പി.ഒ.കൾ രൂപീകരിക്കുന്നത്. കേന്ദ്രസർക്കാരിന്റെ 10000 എഫ്.പി.ഒ. രൂപീകരണ പദ്ധതി പ്രകാരം 44 എഫ്.പി.ഒ.കൾ കേരളത്തിൽ ആരംഭിക്കുന്നതിൽ 28 എണ്ണം ഇതിനകം രജിസ്ട്രേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. സഹകരണ വകുപ്പുമായി ചേർന്ന് ഭക്ഷ്യോൽപ്പന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചു കഴിഞ്ഞു. നഗര സംസ്കരണ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തൽ കണ്ടെയ്നർ മാതൃകയിലുള്ള സംസ്കരണ / വിപണന കേന്ദ്രം, സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ, സെക്കൻഡറി നഗര സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കൽ/ ഇൻക്യൂബേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കൽ, എന്നിവ ഈ വർഷം കൃഷി വകുപ്പിലൂടെയും സഹകരണ വകുപ്പിന് സബ്സിഡി നൽകിയും നടപ്പിലാക്കുന്നു. നടപ്പു സാമ്പത്തിക വർഷത്തിൽ നിർമ്മാണം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന അഗ്രോ പാർക്കുകൾ ഓരോ വിളയെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്നവയാണ്. നാളികേരം, വാഴ, തേൻ, മാവ്, പച്ചക്കറികൾ എന്നിവയുടെ സംഭരണം, സംസ്കരണം, മൂല്യ വർദ്ധനവ് എന്നിവ ലക്ഷ്യമാക്കിയാണ് പ്രവർത്തിക്കുവാൻ ഉദ്ദേശിക്കുന്നത്. കാർഷിക മേഖലയിൽ മൂല്യവർധിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി KIIFB യുടെ സാമ്പത്തിക സഹായത്തോടെ 5 അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് 100.13 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | വാഴയില ഉപയോഗിച്ചുള്ള പ്ലേറ്റുകൾ നിർമ്മിക്കുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; അത്തരം സംരംഭങ്ങൾക്ക് സർക്കാർ സഹായം ലഭ്യമാക്കാനാകുമോ; വിശദാംശങ്ങൾ നൽകാമോ? | (ബി) | വാഴയില ഉപയോഗിച്ചുള്ള പ്ലേറ്റുകൾ നിർമ്മിക്കുന്നതിന് ഒരു ഏജൻസിയെയും ഏല്പിച്ചിട്ടില്ല. ഇത്തരം സംരംഭങ്ങൾക്ക് എസ്.എഫ്.എ.സിയുടെ സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യ വർധന സംരംഭങ്ങൾക്ക് നൽകുന്ന ധനസഹായം ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

| ക്രമ നമ്പർ | സംരംഭം | മൂലധന നിക്ഷേപം | സബ്സിഡി |
|---|---|---|---|
| 1 | സൂക്ഷ്മ തല സംരംഭം | 25 ലക്ഷം രൂപവരെയുള്ള സംരംഭം | 50%<br>പരമാവധി<br>10 ലക്ഷം |
| 2 | ചെറുകിട സംരംഭം | 25 ലക്ഷം മുതൽ 1 കോടി വരെയുള്ള സംരംഭം | 40%<br>പരമാവധി<br>25 ലക്ഷം |
| 3 | ഇടത്തരം സംരംഭം | 1 കോടി മുതൽ 5 കോടി വരെ | 30%<br>പരമാവധി<br>50 ലക്ഷം |